# ഈ വർഷത്തിന്റെ ആരംഭത്തോടെ പരിധിയില്ലാത്ത വൈരാഗ്യവൃത്തി പ്രത്യക്ഷമാക്കൂ, ഇതാണ് മുക്തിധാമത്തിന്റെ ഗേറ്റിന്റെ താക്കോൽ

ഇന്ന് നവയുഗരചയിതാവ് ബാപ്ദാദ തന്റെ കുട്ടികളുമായി നവവർഷം ആഘോഷിക്കുന്നതിനു വേണ്ടി പരമാത്മമിലനം ആഘോഷിക്കുന്നതിനു വേണ്ടി കുട്ടികളുടെ സ്നേഹത്തിൽ തന്റെ ദൂരദേശത്ത് നിന്ന് സാകാരവതനത്തിലേക്ക് മിലനമാഘോഷിക്കുവാൻ വന്നിരിക്കുകയാണ്. ലോകത്ത് നവവർഷത്തിന്റെ ആശംസകൾ പരസ്പരം നൽകുന്നു. എന്നാൽ ബാപ്ദാദ താങ്കൾ കുട്ടികൾക്ക് നവയുഗത്തിന്റെയും നവവർഷത്തിന്റെയും രണ്ടിന്റെയും ആശംസകൾ നൽകുന്നു. പുതുവർഷം ഒരു ദിവസം ആഘോഷിക്കാനുള്ളതാണ്. നവയുഗമാണെങ്കിൽ താങ്കൾ സംഗമത്തിൽ സദാ ആഘോഷിച്ചുകൊണ്ടിരിക്കുന്നു. താങ്കളേവരും പരമാത്മാസ്നേഹത്തിന്റെ ആകർഷണത്തിൽ ആകർഷിക്കപ്പെട്ടുകൊണ്ട് ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. എന്നാൽ ഏറ്റവും ദൂരദേശത്തു നിന്ന് വരുന്നയാൾ ആരാണ്? സബിൾവിദേശി? അവരാണെങ്കിൽ പിന്നെയും ഈ സാകാരദേശത്ത് തന്നെയാണ്. എന്നാൽ ബാപ്ദാദ ദൂരദേശി എത്ര ദൂരെ നിന്നാണ് വന്നിരിക്കുന്നത്? കണക്കെടുക്കാനാവും, എത്ര മൈലപ്പുറത്ത് നിന്ന് വന്നിരിക്കുന്നു? അപ്പോൾ ദൂരദേശി ബാപ്ദാദ നാനാ ഭാഗത്തെയും കുട്ടികൾക്ക് ഡയമണ്ട് ഹാളിൽ ഇരിക്കുകയാകട്ടെ, മധുബനിൽ ഇരിക്കുകയാകട്ടെ, ജ്ഞാൻ സരോവറിൽ ഇരിക്കുകയാകട്ടെ, ഗാലറിയിൽ ഇരിക്കുകയാകട്ടെ, താങ്കളേവർക്കുമൊപ്പം ആരാണോ ദൂരെയിരുന്നും ദേശ വിദേശത്ത് ബാപ്ദാദയുമായി മിലനമാഘോഷിക്കുന്നത്, ബാപ്ദാദ കണ്ടുകൊണ്ടിരിക്കുന്നു എല്ലാവരും എത്ര സ്നേഹത്തോടെ, ദൂരെ നിന്ന് കണ്ടുകൊണ്ടുമിരിക്കുന്നു, കേട്ടുകൊണ്ടുമിരിക്കുന്നു. അപ്പോൾ നാനാ ഭാഗത്തെയും കുട്ടികൾക്ക് നവയുഗത്തിന്റെയും നവവർഷത്തിന്റെയും കോടി മടങ്ങ് ആശംസകൾ, ആശംസകൾ, ആശംസകൾ. കുട്ടികൾക്ക് നവയുഗം നയനങ്ങൾക്ക് മുന്നിലല്ലേ! കേവലം ഇന്ന് സംഗമത്തിലാണ്, നാളെ തന്റെ നവയുഗത്തിൽ രാജ്യഅധികാരിയായി രാജ്യം ഭരിക്കും. ഇത്രയും സമീപം അനുഭവം ചെയ്യുന്നുണ്ടോ? ഇന്നിന്റെയും നാളെയുടെയും കാര്യമാണ്. ഇന്നലെ ആയിരുന്നു, നാളെ വീണ്ടും ആകണം. തന്റെ നവയുഗത്തിന്റെ സ്വർണിമയുഗത്തിന്റെ സ്വർണിമവസ്ത്രം മുന്നിൽ കാണപ്പെടുന്നുണ്ടോ? എത്ര സുന്ദരമാണ്! സ്പഷ്ടമായി കാണപ്പെടുന്നില്ലേ! ഇന്ന് സാധാരണ വസ്ത്രത്തിലാണ്, നാളെ നവയുഗത്തിന്റെ സുന്ദരവസ്ത്രത്തിൽ തിളങ്ങിക്കൊണ്ട് കാണപ്പെടും. നവവർഷത്തിന് ഒരു ദിവസത്തേക്ക് പരസ്പരം സമ്മാനം നൽകുന്നു. എന്നാൽ നവയുഗരചയിതാവായ ബാപ്ദാദ താങ്കളെല്ലാവർക്കും സ്വർണിമലോകത്തിന്റെ സമ്മാനം നൽകി. ഓർമയില്ലേ! മറന്നിട്ടില്ലല്ലോ! സെക്കന്റിൽ വരാൻ കഴിയും. ഇപ്പോഴിപ്പോൾ സംഗമത്തിൽ, ഇപ്പോഴിപ്പോൾ തന്റെ സ്വർണിമലോകത്തിൽ എത്തിച്ചേരുന്നുണ്ടോ അതോ വൈകിപ്പോകുന്നുണ്ടോ? തന്റെ രാജ്യം സ്മൃതിയിൽ വരുന്നില്ലേ!

ഇന്നത്തെ ദിവസത്തെ വിടയുടെ ദിവസം എന്ന് പറയുന്നു. 12 മണിക്ക് ശേഷം ആശംസകളുടെ ദിവസം എന്ന് പറയുന്നു. അപ്പോൾ വിടയുടെ ദിവസം വർഷത്തിന്റെ വിടയ്ക്കൊപ്പമൊപ്പം താങ്കളെല്ലാവരും വർഷത്തിനൊപ്പം ആർക്ക് വിട നൽകി? പരിശോധിച്ചുവോ സദാകാലത്തേക്ക് വിട നൽകിയോ അതോ അൽപകാലത്തേക്ക് വിട നൽകിയോ? ബാപ്ദാദ ആദ്യമേ പറഞ്ഞിട്ടുണ്ട് സമയത്തിന്റെ വേഗത തീവ്രഗതിയിലേക്ക് പോകുകയാണ്. അപ്പോൾ മുഴുവൻ വർഷത്തിന്റെ റിസൽറ്റിൽ പരിശോധിച്ചു എന്താ എന്റെ പുരുഷാർഥത്തിന്റെ വേഗത തീവ്രമായിരുന്നുവോ? അതോ ചിലപ്പോൾ അങ്ങനെ ചിലപ്പോൾ ഇങ്ങനെ ആയിരുന്നുവോ?

ലോകത്തെ അവസ്ഥകളെ കണ്ടുകൊണ്ട് ഇനി തൻറെ വിശേഷ രണ്ട് സ്വരൂപങ്ങളെ പ്രത്യക്ഷപ്പെടുത്തൂ ,ആ രണ്ട് സ്വരൂപമാണ് ഒന്ന് സർവ്വരേയും പ്രതി ദയാമനസ്കരും മംഗളകാരിയും, രണ്ടാമത് ഓരോ ആത്മാവിനെയും പ്രതി സദാ ദാതാവിൻറെ കുട്ടികൾ മാസ്റ്റർ ദാതാവ്. വിശ്വത്തിലെ ആത്മാക്കൾ തീർത്തും ശക്തിഹീനരും ദു?ഖികളും അശാന്തരുമായി നിലവിളിച്ചു കൊണ്ടിരിക്കുകയാണ്. ബാബയ്ക്ക് മുന്നിൽ താങ്കൾ പൂജ്യ ആത്മാക്കളുടെ മുന്നിൽ വിളിച്ചു കൊണ്ടിരിക്കുകയാണ് കുറച്ച് നിമിഷങ്ങളിലേക്കെങ്കിലും സുഖം നൽകിയാലും, ശാന്തി നൽകിയാലും. സന്തോഷം നൽകിയാലും, ധൈര്യം നൽകിയാലും. ബാബയ്ക്ക് കുട്ടികളുടെ ദു?ഖം പരവശതയെ കാണുവാൻ സാധിക്കുകയില്ല കേൾക്കുവാൻ സാധിക്കുകയില്ല. എന്താ താങ്കൾ എല്ലാ പൂജ്യാത്മാക്കൾക്കും ദയ തോന്നുന്നില്ലേ! യാചിച്ചുകൊണ്ടിരിക്കുകയാണ് തരണേ തരണേ തരണേ... അപ്പോൾ ദാതാവിന്റെ മക്കൾ കുറച്ച് അഞ്ജലി നൽകൂ. ബാബയും താങ്കൾ കുട്ടികളെ കൂട്ടുകാരാക്കി മാസ്റ്റർ ദാതാവാക്കി, തന്റെ വലംകൈയാക്കി, ഇതേ സൂചന നൽകുകയാണ് ഇത്രയും വിശ്വത്തിലെ ആത്മാക്കൾ എല്ലാവർക്കും മുക്തി കൊടുക്കണം. മുക്തിധാമത്തിലേക്ക് പോകണം. അപ്പോൾ ദാതാവിന്റെ മക്കൾ തൻറെ ശ്രേഷ്ഠ സങ്കൽപ്പത്തിലൂടെ, മനസാ ശക്തിയിലൂടെ, ശബ്ദത്തിലൂടെയാകട്ടെ, സംബന്ധസമ്പർക്കത്തിലൂടെയാകട്ടെ, ശുഭഭാവന ശുഭകാമനയിലൂടെ ആകട്ടെ, അന്തരീക്ഷത്തിൽ വൈ

ബ്രേഷനിലൂടെയാകട്ടെ ഏതെങ്കിലും യുക്തിയിലൂടെ മുക്തി കൊടുക്കൂ. നിലവിളിക്കുകയാണ് മുക്തി തരണേ, ബാപ്ദാദ തൻറെ വലം കൈകളോട് പറയുകയാണ് ദയ കാണിക്കൂ.

ഇപ്പോൾ വരെയും കണക്കെടുക്കൂ. മെഗാ പ്രോഗ്രാം ചെയ്തിട്ടുണ്ടാകാം, കോൺഫറൻസ് ചെയ്തിട്ടുണ്ടാകാം, ഭാരതത്തിലോ വിദേശത്തോ സെന്ററുകളും തുറന്നിട്ടുണ്ടാകാം, പക്ഷേ ആകെ വിശ്വത്തിലെ ആത്മാക്കളുടെ സംഖ്യയുടെ കണക്കിൽ എത്ര ശതമാനത്തിലുള്ള ആത്മാക്കൾക്ക് മുക്തിയുടെ വഴി പറഞ്ഞുകൊടുത്തിട്ടുണ്ട്? കേവലം ഭാരതമംഗളകാരിയാണോ അതോ വിശ്വത്തിൽ 5 ഭൂഖണ്ഡങ്ങളും ഉണ്ട്, എവിടെവിടെ സേവാകേന്ദ്രങ്ങൾ തുറന്നിട്ടുണ്ടോ അവിടത്തെ മംഗളകാരി ആണോ അതോ വിശ്വമംഗളകാരിയാണോ? വിശ്വത്തിന്റെ മംഗളം ചെയ്യുന്നതിന് വേണ്ടി ഓരോരോ കുട്ടികൾക്കും ബാബയുടെ കൈ വലംകൈ ആകണം. ആർക്കെങ്കിലും എന്തെങ്കിലും നൽകുമ്പോൾ എന്തിലൂടെയാണ് നൽകാറുള്ളത്? കൈ കൊണ്ടല്ലേ നൽകാറുള്ളത്. അപ്പോൾ ബാപ്ദാദയ്ക്ക് താങ്കൾ കൈകളല്ലേ, അപ്പോൾ ബാപ്ദാദ വലം കൈകളോട് ചോദിക്കുകയാണ്, എത്ര ശതമാനത്തിന്റെ മംഗളം ചെയ്തിട്ടുണ്ട്? എത്ര ശതമാനത്തിന്റെ ചെയ്തിട്ടുണ്ട്. പറയു കണക്കെടുക്കൂ. പാണ്ഡവർ കണക്കു നോക്കാൻ സമർഥരല്ലേ? അതിനാൽ ബാപ്ദാദ പറയുന്നു ഇനി സ്വപുരുഷാർഥത്തിന്റെയും സേവനത്തിന്റെയും ഭിന്നഭിന്ന വിധികളിലൂടെ പുരുഷാർഥം തീവ്രമാക്കൂ. സ്വയത്തിന്റെ സ്ഥിതിയിലും നാലു കാര്യങ്ങൾ വിശേഷിച്ച് പരിശോധിക്കൂ ഇതിനെ പറയും തീവ്ര പുരുഷാർഥം.

ഒരു കാര്യം ആദ്യം ഇതു പരിശോധിക്കു നിമിത്ത ഭാവമുണ്ടോ? ഏതെങ്കിലും റോയൽ രൂപത്തിലെ ഞാനെന്ന ഭാവം ഇല്ലല്ലോ? എന്റേതെന്ന് ഭാവം ഇല്ലല്ലോ? സാധാരണ ആൾക്കാരുടെ ഞാൻ എന്റേത് എന്നതും സാധാരണമാണ് സ്ഥൂലമാണ് എന്നാൽ ബ്രാഹ്മണ ജീവിതത്തിലെ ഞാൻ എന്റേത് സൂക്ഷ്മവും രാജകീയവുമാണ്. അതിൻറെ ഭാഷ അറിയാമോ എന്താണെന്ന്? ഇതൊക്കെ നടക്കുക തന്നെ ചെയ്യും ഇതൊക്കെ സംഭവിക്കുക തന്നെ ചെയ്യും. ഇതെല്ലാം ഉണ്ടാവേണ്ടതാണ്. പോയിക്കൊണ്ടിരിക്കുന്നു കണ്ടുകൊണ്ടിരിക്കുന്നു... അപ്പോൾ ഒരു നിമിത്ത ഭാവം ഓരോ കാര്യത്തിലും നിമിത്തം. സേവനത്തിൽ ആകട്ടെ സ്ഥിതിയിലാകട്ടെ സംബന്ധസമ്പർക്കത്തിൽ മുഖവും പെരുമാറ്റവും നിമിത്ത ഭാവത്തിന്റേതാകട്ടെ. അവർക്ക് രണ്ടാമത് വിശേഷത ഉണ്ടാകും വിനയ ഭാവന. നിമിത്തവും വിനയഭാവത്തോടെയും നിർമ്മാണം ചെയ്യുക . അപ്പോൾ മൂന്ന് കാര്യങ്ങൾ പറഞ്ഞു നിമിത്തം, വിനയം, നിർമ്മാണം നാലാമതാണ് നിർവാണം. എപ്പോൾ ആഗ്രഹിക്കുന്നുവോ നിർവാണ ധാമത്തിൽ എത്തിച്ചേരുന്നു. നിർവാണ സ്ഥിതിയിൽ സ്ഥിതി ചെയ്യുക എന്തെന്നാൽ സ്വയം നിർവാണ സ്ഥിതിയിലാകും, അപ്പോൾ മറ്റുള്ളവരെ നിർവാണ ധാമത്തിൽ എത്തിക്കാനാകും. ഇപ്പോൾ എല്ലാവരും മുക്തി ആഗ്രഹിക്കുന്നു മോചിപ്പിക്കു, മോചിപ്പിക്കു നിലവിളിച്ചു കൊണ്ടിരിക്കുന്നു. അപ്പോൾ ഈ നാല് കാര്യങ്ങൾ നല്ല ശതമാനത്തിൽ പ്രായോഗിക ജീവിതത്തിൽ ഉണ്ടാവുക അർത്ഥം തീവ്ര പുരുഷാർത്ഥി. അപ്പോൾ ബാപ്ദാദ പറയും ആഹാ! ആഹാ! കുട്ടികളെ ആഹാ! താങ്കളും പറയും ആഹാ ബാബ ആഹാ ആഹാ ഡ്രാമ ആഹാ! ആഹാ പുരുഷാർത്ഥം ആഹാ! എന്നാൽ അറിയാമോ ഇപ്പോൾ എന്ത് ചെയ്യുന്നു? അറിയാമോ? ഇടയ്ക്ക് വാഹ് എന്ന് പറയുന്നു ഇടയ്ക്ക് വൈ (എന്തുകൊണ്ട് ) എന്ന് പറയുന്നു. വാഹ് എന്നതിന് പകരം വൈ. വൈ അയ്യോ എന്നായി മാറുന്നു. അതിനാൽ വൈ അല്ല വാഹ്! താങ്കൾക്കും എന്താണ് ഇഷ്ടം വാഹ് എന്നാണോ വൈ എന്നാണോ? എന്താണ് നന്നായി തോന്നുന്നത്? ആഹാ! ഇടയ്ക്ക് വൈ എന്ന് പറയുന്നില്ലല്ലോ? അറിയാതെ വന്നുചേരുന്നു.

ഡബിൾ വിദേശികൾ വൈ വൈ പറയുന്നുണ്ടോ? ഇടയ്ക്കിടെ പറയാറുണ്ടോ? ആരാണോ ഡബിൾ വിദേശികൾ ഒരിക്കലും വൈ എന്ന് പറയാത്തത് അവർ കൈ ഉയർത്തു. വളരെ കുറവാണ്. ശരി ഭാരതവാസികൾ ആരാണോ ആഹാ ആഹാ എന്നതിന് പകരം എന്ത് എന്തുകൊണ്ട് എന്ന് പറയുന്നത് അവർ കൈ ഉയർത്തു. എന്താ എന്തുകൊണ്ട് എന്ന് പറയുന്നുണ്ടോ? ആരാണ് താങ്കൾക്ക് അതിന് അനുവാദം നൽകിയത്? സംസ്കാരങ്ങളോ? പഴയ സംസ്കാരങ്ങൾ താങ്കൾക്ക് വൈ എന്നതിന് അനുവാദം നൽകിയിരിക്കുന്നു ബാബ പറയുന്നു ആഹാ ആഹാ എന്ന് പറയൂ. വൈ വൈ എന്നല്ല. അപ്പോൾ പുതിയ വർഷത്തിൽ എന്തു ചെയ്യും? ആഹാ ആഹാ പറയുമോ? അതോ ഇടയ്ക്കിടെ വൈ പറയാനുള്ള അനുവാദം എടുക്കുമോ? വൈ നല്ലതല്ല. വൈ (വയറ്റിൽ ഗ്യാസ് ) ഉണ്ടാകുമ്പോൾ മോശമാകുന്നില്ലേ. അപ്പോൾ വൈ ഗ്യാസ് ആണ് ഇത് പറയാതിരിക്കു. ആഹാ ആഹാ എത്ര നന്നായി തോന്നുന്നു. ശരി പറയൂ ആഹാ ആഹാ ആഹാ!

നല്ലത് ആരാണോ ദൂരദേശത്തിൽ നിന്ന് കേട്ടുകൊണ്ടിരിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്നത് ഭാരതത്തിലും വിദേശത്തിലും ആ കുട്ടികളോടും ചോദിക്കുകയാണ് ആഹാ ആഹാ എന്ന് പറയുന്നുവോ അതോ വൈ വൈ എന്ന് പറയുന്നുവോ? ഇപ്പോൾ വിടയുടെ ദിവസമല്ലേ! ഇന്ന് വർഷത്തിന് വിട നൽകാനുള്ള അവസാന ദിനമാണ്. അപ്പോൾ എല്ലാവരും സങ്കല്പം ചെയ്യു വൈ എന്ന് പറയുകയില്ല. ചിന്തിക്കുക പോലും ഇല്ല. ചോദ്യചിഹ്നം ഇല്ല ആശ്ചര്യ ചിഹ്നമില്ല ബിന്ദു. ചോദ്യചിഹ്നം എഴുതി നോക്കൂ എത്ര വളഞ്ഞതാണ് ബിന്ദു എത്ര എളുപ്പമാണ്. കേവലം നയനങ്ങളിൽ ബാബയാകുന്ന ബിന്ദുവിനെ ഉൾക്കൊള്ളൂ. മീനങ്ങളിൽ

കാണുന്ന ബിന്ദു അടങ്ങിയിട്ടുള്ളത് പോലെ! ഇങ്ങനെ തന്നെ സദാ നയനങ്ങളിൽ ബിന്ദു ആയ ബാബയെ അലിയിക്കൂ. ഉൾക്കൊള്ളാൻ അറിയാമല്ലോ? അറിയാമോ അതോ ഫിറ്റ് ആകുന്നില്ലേ? മേലു കീഴായി പോകുന്നുണ്ടോ? അപ്പോൾ എന്തു ചെയ്യും? ആർക്കു വിട നൽകും? വൈ എന്നതിന്? ഒരിക്കലും ആശ്ച ര്യത്തിന്റെ ലക്ഷണം പോലും വരരുത്, ഇതെങ്ങനെ! ഇങ്ങനെയും ഉണ്ടാകുമോ! എന്ത് സംഭവിക്കാൻ പാ ടില്ലായിരുന്നു, എന്തുകൊണ്ട് സംഭവിക്കുന്നു! ചോദ്യചിഹ്നമല്ല ആശ്ചര്യത്തിന്റെ അടയാളം പോലും അരു ത്. ബാബയും ഞാനും മാത്രം. പല കുട്ടികളും പറയുന്നു ഇതൊക്കെ നടക്കുമല്ലോ! ബാപ്ദാദയോട് വ ളരെ രമണികമായ കാര്യങ്ങൾ ആത്മീയ സംഭാഷണത്തിൽ പറയുന്നു, മുന്നിൽ പറയുവാൻ സാധിക്കുക യില്ലല്ലോ. അപ്പോൾ ആത്മീയ സംഭാഷണത്തിൽ എല്ലാം പറഞ്ഞു കേൾപ്പിക്കുന്നു. ശരിയെന്തു നടക്കും പക്ഷേ താങ്കൾക്ക് നടത്താൻ പാടില്ല, താങ്കൾക്ക് പറക്കണം അതുകൊണ്ട് നടക്കുന്നതിന്റെ കാര്യങ്ങൾ എ ന്തിന് കാണുന്നു, പറക്കു, പറത്തൂ. ശുഭഭാവന, ശുഭകാമന ഇങ്ങനെയുള്ള ശക്തിശാലിയാണ് ഇടയ്ക്ക് വെറും വൈ വരരുത്, ശുഭഭാവന ശുഭകാമന അല്ലാതെ അപ്പോൾ ഇത്രയും ശക്തിശാലിയാണ് ആരെങ്കി ലും അശുഭ ഭാവനക്കാരെ പോലും ശുഭഭാവനയാൽ മാറ്റുവാൻ സാധിക്കും. രണ്ടാം നമ്പർ അഥവാ മാ റ്റാൻ സാധിക്കുകയില്ല എങ്കിൽ പോലും താങ്കളുടെ ശുഭഭാവന ശുഭകാമന അവിനാശിയാണ് ഇടയ്ക്കിടെ ഉള്ളതല്ല, അവിനാശിയാണ് അതിനാൽ താങ്കൾക്ക് മേൽ അശുഭഭാവനയുടെ പ്രഭാവം വീഴുവാൻ സാധി ക്കുകയില്ല. ചോദ്യത്തിൽ പോയിക്കൊണ്ടിരിക്കുകയാണോ ഇതെന്തുകൊണ്ട് സംഭവിക്കുന്നു? ഇതേതു വരെ നടക്കും? എങ്ങനെ നടക്കും? ഇതിലൂടെ ശുഭഭാവനയുടെ ശക്തി കുറഞ്ഞു പോകുന്നു. ഇല്ലെങ്കിൽ ശുഭഭാവന ശുഭകാമന ഈ സങ്കല്പശക്തിയിൽ വലിയ ശക്തിയാണ്. നോക്കൂ താങ്കൾ എല്ലാവരും ബാ പ്ദാദയുടെ അടുക്കൽ വന്നിരിക്കുന്നു. ആദ്യത്തെ ദിവസം ഓർമ്മിക്കു ബാപ്ദാദ എന്താണ് നൽകിയത്? വന്നത് പതവിതരാകട്ടെ പാപിയാകട്ടെ സാധാരണക്കാരാകട്ടെ ചിന്താഗതിയുള്ളവരാകട്ടെ ഭിന്നഭിന്ന ഭാവ നയുള്ളവരാകട്ടെ ബാപ്ദാദ എന്താണ് ചെയ്തത്? ശുഭഭാവന വെച്ചല്ലോ! എന്റേതാണ്, മാസ്റ്റർ സർവ്വ ശക്തിവാനാണ്, ഹൃദയ സിംഹാസനധാരിയാണ് ഈ ശുഭഭാവനച്ചില്ലേ, ശുഭ കാമന വെച്ചില്ലേ, അതിലൂടെ തന്നെ ബാബയുടെ തായല്ലോ. ബാബ പറഞ്ഞുവോ എന്താ പാപി എന്തിന് വന്നിരിക്കുന്നു? ശുഭഭാവന വെച്ചു എൻറെ കുട്ടികൾ, മാസ്റ്റർ സർവ്വശക്തിവാൻ കുട്ടികൾ, ബാബ താങ്കൾക്ക് എല്ലാവർക്കും മേൽ ശുഭ ഭാവന വെച്ചു, ശുഭ കാമന വെച്ചു എങ്കിൽ താങ്കളുടെ ഹൃദയം എന്തു പറഞ്ഞു? എൻറെ ബാബ. ബാ ബ എന്തു പറഞ്ഞു? എൻറെ കുട്ടികൾ. ഇങ്ങനെ തന്നെ അഥവാ ശുഭഭാവന ശുഭകാമന വെച്ചു എങ്കിൽ എന്താണ് കാണപ്പെടുക? എൻറെ കൽപം മുമ്പത്തെ മധുര സഹോദരൻ എൻറെ നഷ്ടപ്പെട്ട തിരികെ കിട്ടി യ സഹോദരി. പരിവർത്തനം ഉണ്ടായിക്കോളും.

അപ്പോൾ ഈ വർഷത്തിൽ എന്തെങ്കിലും ചെയ്തു കാണിക്കുക. കേവലം കൈ ഉയർത്തുകയല്ല. കൈ ഉ യർത്തുക വളരെ എളുപ്പമാണ്. മനസ്സിന്റെ കൈ ഉയർത്തുക എന്തെന്നാൽ വളരെ ജോലി ബാക്കി കിടക്കു ന്നു. ബാപ്ദാദ ദൃഷ്ടി വയ്ക്കുന്നുണ്ട് ആത്മാക്കളുടെ മേൽ വളരെ ദയ വരുന്നുണ്ട്. ഇപ്പോൾ പ്രകൃതിയും അസ്വസ്ഥമായിരിക്കുന്നു. പ്രകൃതി സ്വയം ബുദ്ധിമുട്ടിയിരിക്കുന്നു അപ്പോൾ എന്തു ചെയ്യും? ആത്മാ ക്കളെ ബുദ്ധിമുട്ടിച്ചു കൊണ്ടിരിക്കുന്നു. ബാബയ്ക്ക് കുട്ടികളെ കണ്ട് ദയ തോന്നുന്നു. താങ്കൾ എല്ലാവർ ക്കും ദയ വരുന്നില്ലേ? കേവലം വാർത്ത കേട്ട് മിണ്ടാതിരിക്കുകയാണോ, ഇത്രയും ആത്മാക്കൾ പോയി അത്രമാത്രം എന്ന്. ആത്മാക്കൾ സന്ദേശത്തിൽ നിന്നും വഞ്ചിക്കപ്പെട്ടു പോയി. ഇപ്പോൾ ദാതാവാകു, ദ യാമനസ്കരാകു. ഇത് അപ്പോഴാണ് ഉണ്ടാവുക ദയ അപ്പോൾ വരും, എപ്പോഴാണോ ഈ വർഷത്തിന്റെ ആരംഭത്തിൽ അവനവനിൽ പരിധിയില്ലാത്ത വൈരാഗ്യവൃത്തി പ്രത്യക്ഷപ്പെടുത്തുക. പരിധിയില്ലാത്ത വൈരാഗ്യവൃത്തി. ഈ ദേഹത്തിൻറെ ദേഹ ബോധത്തിന്റെ സ്മൃതി ഇതും പരിധിയില്ലാത്ത വൈരാഗ്യ ത്തിന്റെ കുറവാണ്. ആകർഷണമാണ്. വൈരാഗ്യം ഇല്ലായെങ്കിൽ ആകർഷണം ഉണ്ട്. കരുതിയില്ലാത്ത വൈരാഗിയായി മാറുമ്പോൾ മനോവൃത്തിയിലും വൈരാഗി, ദൃഷ്ടിയിലും പരിധിയില്ലാത്ത വൈരാഗി, സം ബന്ധസമ്പർക്കത്തിൽ, സേവനത്തിൽ എല്ലാത്തിലും പരിധിയില്ലാത്ത വൈരാഗി.... അപ്പോൾ മുക്തിധാമ ത്തിന്റെ കവാടം തുറക്കും. ഇപ്പോഴാണെങ്കിൽ ആത്മാക്കൾ ശരീരം വിട്ട് പോവുകയാണ് പിന്നീട് ജന്മമെടു ക്കും പിന്നെ ദു?ഖിയാകും. ഇനി മുക്തിധാമത്തിന്റെ കവാടം തുറക്കുന്നതിന് നിമിത്തം താങ്കൾ അല്ലേ? ബ്ര ഹ്മാബാബയുടെ കൂട്ടുകാരല്ലേ! അപ്പോൾ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയാണ് കവാടം തുറക്കാനുള്ള താക്കോൽ. ഇപ്പോൾ താക്കോൽ ഇട്ടിട്ടില്ല, താക്കോൽ തയ്യാറായിട്ടേയില്ല. ബ്രഹ്മ ബാബയും കാത്തിരിക്കു കയാണ്,അഡ്വാൻസ് പാർട്ടിയും കാത്തിരിക്കുകയാണ്,പ്രകൃതിയും കാത്തിരിക്കുകയാണ്, വളരെ ബുദ്ധി മുട്ടിയിരിക്കുന്നു. മായയും തൻറെ ദിനങ്ങൾ എണ്ണി കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പറയൂ ഹേ മാസ്റ്റ ർ സർവ്വശക്തൻ പറയൂ എന്തു ചെയ്യണം?

ഈ വർഷത്തിൽ എന്തെങ്കിലും നവീനത ചെയ്യുമല്ലോ! പുതിയ വർഷം എന്ന് പറയുന്നു എങ്കിൽ നവീന ത ചെയ്യണമല്ലോ! ഇപ്പോൾ പരിധിയില്ലാത്ത വൈരാഗ്യത്തിന്റെ, മുക്തിധാമത്തിൽ പോകുന്നതിന്റെ താക്കോൽ തയ്യാറാക്കു. താങ്കൾ എല്ലാവർക്കും ആദ്യം മുക്തിധാമത്തിൽ പോകണമല്ലോ. ബ്രഹ്മാബാബയോട് പ്രതി

ജ്ഞ ചെയ്തിട്ടുണ്ട് ഒപ്പം പോകും, ഒപ്പം വരും, ഒപ്പം രാജ്യം ഭരിക്കും, ഒപ്പം ഭക്തിയും ചെയ്യും... അപ്പോൾ ഇനി തയ്യാറാകൂ. ഈ വർഷത്തിൽ ചെയ്യുമോ അതോ അടുത്ത വർഷം വേണോ? ആരാണ് കരുതുന്നത് ഈ വർഷം അറ്റൻഷൻ വെച്ച് വീണ്ടും വീണ്ടും ചെയ്യും അവർ കൈ ഉയർത്തു. ചെയ്യുമോ? പിന്നെ അ ഡ്വാൻസ് പാർട്ടി താങ്കൾക്ക് വളരെ ആശംസകൾ നൽകും. അവരും ക്ഷണിച്ചിരിക്കുന്നു. ശരി ടീച്ചേഴ്സ് എന്തുപറയുന്നു? ആദ്യത്തെ വരിയിലുള്ളവർ എന്തു പറയുന്നു? ആദ്യം ആദ്യ വരിയിലെ പാണ്ഡവർ, ആദ്യ വരിയിലെ ശക്തികൾ ആര് ചെയ്യുമോ അവർ കൈ ഉയർത്തു. പകുതി കൈ അല്ല പകുതി ഉയർത്തു കയാണെങ്കിൽ പറയും പകുതി ചെയ്യും. കൈ നീട്ടി ഉയർത്തൂ. ശരി ആശംസകൾ ആശംസകൾ. നല്ലത് ഡ ബിൾ വിദേശികൾ കൈ ഉയർത്തു. പരസ്പരം നോക്കൂ ആര് ഉയർത്തിയിട്ടില്ല. ശരി ഈ സിഡി ഗ്രൂപ്പും കൈ ഉയർത്തുകയാണ് അൽഭുതം ആണ്. താങ്കളും ചെയ്യുമോ? സിഡി ഗ്രൂപ്പ് ചെയ്യുമോ? അപ്പോൾ ഡ ബിൾ ആശംസകൾ. വളരെ നല്ലത്. പരസ്പരം കൂട്ടുനൽകി ശുഭഭാവനയുടെ സൂചന നൽകി കയ്യോട് കൈ ചേർത്ത് ചെയ്യുക തന്നെ വേണം. ശരി (സഭയിൽ ആരോ ശബ്ദം ഉണ്ടാക്കി ) എല്ലാവരും ഇരിക്കൂ. നത്തിംഗ് ന്യൂ.

ഇപ്പോൾ ഇപ്പോൾ ഒരു സെക്കൻഡ് ബിന്ദുവായി ബിന്ദുവായ ബാബയെ ഓർമ്മിക്കു. എന്തുതന്നെ കാര്യ ങ്ങളുണ്ടെങ്കിലും അതിന് ബിന്ദുവിടു. ഇടാൻ സാധിക്കുമോ? ഒരു സെക്കൻഡിൽ ഞാൻ ബാബയുടെത് ബാബ എന്റേത് അത്രമാത്രം. ശരി

ഇപ്പോൾ നാനാഭാഗത്തേയും സർവ്വ പുതിയ യുഗത്തിന്റെ യജമാനരായ കുട്ടികൾക്ക്, നനഭാഗത്തെയും പുതിയ വർഷം ആഘോഷിക്കുന്നതിൽ ഉണർവുത്സാഹം ഉള്ളവരായ കുട്ടികൾക്ക് സദാ പറന്നു കൊണ്ടി രിക്കുക, പറത്തി കൊണ്ടിരിക്കുക. ഇങ്ങനെ പറക്കുന്നവരായി കുട്ടികൾക്ക്, സദാ തീവ്രപുരുഷാർത്ഥത്തി ലൂടെ വിജയിമാലയുടെ മണികൾ ആകുന്ന വിജയി രത്നങ്ങൾക്ക് പുതുവർഷത്തിന്റെയും പുതുയുഗത്തി ന്റെയും ആശീർവാദങ്ങൾ, ഒപ്പം ഒപ്പം കോടിമടങ്ങ് തളികകൾ നിറച്ചുനിറച്ച് ആശംസകൾ, ആശംസകൾ. ഒരു കൈ കൊണ്ട് കൈയ്യടിക്കൂ. ശരി

## വരദാനം : ഏകാഗ്രതയുടെ അഭ്യാസത്തിലൂടെ ഏക രസ സ്ഥിതി ഉണ്ടാക്കുന്നവരായ സർവ്വ സിദ്ധി സ്വരൂപരായി ഭവിക്കട്ടെ.

എവിടെ ഏകാഗ്രതയുണ്ടോ അവിടെ സ്വതവേ ഏക രസ സ്ഥിതിയുണ്ട്. ഏകാഗ്രതയിലൂടെ സങ്കൽപ്പം വാക്ക് കർമ്മത്തിന്റെ വ്യർഥം സമാപ്തമായി പോകുന്നു. സമർത്ഥത കൈവരുന്നു. ഏകാഗ്രത അർത്ഥം ഒരേ ശ്രേഷ്ഠ സങ്കൽപത്തിൽ സ്ഥിതിചെയ്യുക. ഏതൊരു ബീജരൂപമായ സങ്കല്പത്തിൽ മുഴുവൻ വൃക്ഷ മാകുന്ന വിസ്താരം അടങ്ങിയിട്ടുണ്ട്. ഏകാഗ്രതയെ വർദ്ധിപ്പിക്കു എങ്കിൽ സർവ്വതരത്തിലും ഉള്ള ഇളക്ക ങ്ങൾ സമാപ്തമായി ക്കോളും. എല്ലാ സങ്കല്പം, വാക്ക്, കർമ്മവും സഹജമായി സിദ്ധമാകും. അതി നുവേണ്ടി ഏകാന്തവാസിയാകു.

## സ്ലോഗൻ: ഒരുതവണ സംഭവിച്ച തെറ്റിനെ വീണ്ടും വീണ്ടും ചിന്തിക്കുക അർത്ഥം കറ യ്ക്കു മേൽ കറ വീഴ്ത്തുക അതിനാൽ കഴിഞ്ഞതിന് ബിന്ദുവിടൂ

**അവ്യക്ത സൂചനകൾ: കമ്പൈൻഡ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയി ആകൂ**

ഈ സമയം ആത്മാക്കളും ശരീരവും കമ്പൈൻഡ് ആണ്, ഇങ്ങനെ ബാബയും താങ്കളും കമ്പായിന്റായി രിക്കു. കേവലം ഇത് ഓർമ്മവയ്ക്കു എൻറെ ബാബ. തൻറെ മസ്തകത്തിൽ സദാ കൂട്ടിന്റെ തിലകമണിയൂ. ആരാണ് കൂടെയുണ്ടാകുന്നത് അവരെ ഒരിക്കലും മറക്കുകയില്ല. അപ്പോൾ കൂട്ടുകാരനെ സദാ കൂടെ വ യ്ക്കു. കൂടെ ഉണ്ടാകുമെങ്കിൽ കൂടെ പോകും. കൂടെ കഴിയണം കൂടെ പോകണം ഓരോ സെക്കന്റ് ഓരോ സങ്കല്പത്തിൽ കൂടെ തന്നെയാണ്.